(സി) ഇല്ല. പ്രതിമാസ ഓണറേറിയമായി നൂറു രൂപവീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

മഹിളാ സ്വസ്ത് സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ്

192 (3382) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ സ്വസ്ത് സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകാനുദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതേവരെ കാർഡ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) തിരിച്ചറിയൽ കാർഡ് സേവനം അനുഷ്ഠിക്കുന്നവർക്ക് മാത്രമേ നൽകാവു എന്ന് നിർദ്ദേശം വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ലിസ്റ്റിൽ പേര് ചേർത്തിട്ടുള്ളതും ഒരു പ്രവർത്തനവും നടത്താത്തവരുമായ ആളുകൾക്ക് തിരിച്ചറിയൽ കാർഡ് നൽകരുതെന്ന് നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

ജീറിയാട്രിക്സ് ചികിത്സാശാഖ തുടങ്ങുവാൻ നടപടി

193 (3383) ശ്രീ.പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരും ദശകത്തിൽ വൃദ്ധജനങ്ങളുടെ ജനസംഖ്യ വർദ്ധിക്കുമെന്നുള്ളത് കണക്കിലെടുത്ത് മെഡിക്കൽ കോളേജുകളിൽ ജീറിയാട്രിക്സ് ചികിത്സാശാഖ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എല്ലാ തിങ്കളാഴ്ചയും 10 മണിക്ക് ജീറിയാട്രിക്സ് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. മറ്റ് കോളേജുകളിൽ ജീറിയാട്രിക്സ് ക്ലിനിക്കുകൾ തുടങ്ങുന്നതിന് ഇപ്പോൾ നിർദ്ദേശമൊന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലുകളുടെയും കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിന്റെയും രജിസ്ട്രാറുടെ നിയമന മാനദണ്ഡം

194 (3384) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലുകളുടെയും കേരള നഴ്സസ് ആന്റ് മിഡ്-വൈവ്സ് കൗൺസിലിന്റെയും രജിസ്ട്രാറുടെ നിയമനത്തിലുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇപ്പോഴത്തെ രജിസ്ട്രാർ ഏതു വകുപ്പിൽ ഏതു തസ്തികയിലാണ് സേവനമനുഷ്ഠിച്ചിരിക്കുന്നത് ;

(സി) അവിടെ അതേ തസ്തികയിൽ ജോലി ചെയ്തിരുന്ന എല്ലാവരുടേയും സമ്മതം വാങ്ങിയ ശേഷമാണോ പ്രസ്തുത നിയമനം നടത്തിയത് ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 1953-ലെ ട്രാവൻകൂർ - കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലേയും 1953 ലെ നഴ്സസ് ആന്റ് മിഡ്വൈവ്സ് ആക്റ്റിലേയും വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 1990 ലെ സ്പെഷ്യൽ റൂളുകളിൽ രജിസ്ട്രാരുടെ നിയമത്തിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന നിയമവകുപ്പിൽ സെക്ഷൻ ഓഫീസർ (ഹയർഗ്രേഡ്) ആയി സേവനം അനുഷ്ഠിച്ചിരുന്നു.

(സി & ഡി) രജിസ്ട്രാരുടെ നിയമനം നടത്തുന്നതിനായി 22-5-1999 ലെ 19753/ സ്പെഷ്യൽ 1/99/അ.കു.വ നമ്പർ സർക്കുലർ മുഖേന സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു.

മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. വ്യവസ്ഥ ചെയ്യുന്ന ശമ്പള പദ്ധതി

195 (3385) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാ ദേവി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. വ്യവസ്ഥ ചെയ്യുന്ന ശമ്പള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly